കത്തുകൾ

# അത്രമേൽ പരിശുദ്ധമോ പ്രണയം?

**'മതംമാറ്റത്തിന്റെ** മതവും രാഷ്ട്രീയവും' എന്ന കവർസ്റ്റോറി(ലക്കം 24)യിലെ ദീർഘമായ രണ്ട് ഖണ്ഡികകൾ, മറിച്ചൊരു വിശദീകരണം ലേഖകന്റെ ഭാഗത്തുനിന്ന് വരുന്നതുവരെ, പ്രണയത്തെ അനാവശ്യമായി മഹത്വവത്കരിക്കുന്നതായിപ്പോയി എന്ന് വിശേഷിപ്പിക്കാനേ തരമുള്ളൂ. എതിർലിംഗത്തിൽ പെട്ടയാളോട് തോന്നുന്ന അനുരാഗവും അതിന്റെ ഫലമായി അവർക്കിടയിൽ രൂപപ്പെടുന്ന അടുപ്പവും ആ അടുപ്പം ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറക്കുറെ രഹസ്യമായി അവർ തമ്മിൽ തുടരുന്ന ബന്ധത്തെയുമാണ് പ്രണയം എന്നതുകൊണ്ട് സമൂഹം വിവക്ഷിക്കുന്നത്. അതായത്, ഒരാൾക്ക് മറ്റൊരാളോട് തോന്നുന്ന ഇഷ്ടത്തെ മാന്യമായ രീതിയിൽ ഇരു കക്ഷികൾക്കുമിടയിൽ ചാനലൈസ് ചെയ്ത് വിവാഹബന്ധത്തിന് ശ്രമിക്കുന്നതിനെ പ്രണയമെന്ന് വിശേഷിപ്പിക്കാറില്ലെന്നർഥം. മറിച്ച്, അത്തരം സാധ്യതയോ സാധുതയോ പരിഗണിക്കാതെ ഒരർഥത്തിൽ അവിഹിതമായി തുടരുന്ന ഇടപാടാണ് പ്രണയബന്ധം. ഇത്തരം ബന്ധങ്ങൾ പലതും വിവാഹത്തിൽ എത്താറുണ്ടെന്ന് മാത്രം. ലേഖനം മൊത്തത്തിൽ പ്രതിനിധാനം ചെയ്യുന്ന ഇസ്‌ലാമിക ഭൂമികയിൽ നിന്നുകൊണ്ട് ഈ പ്രണയബന്ധത്തെ മഹത്വപ്പെടുത്താനാവില്ലെന്നത് വിശദീകരണമാവശ്യമുള്ള കാര്യമല്ല.

'സംസ്കാരദീപ്തനായ മനുഷ്യൻ സാമൂഹിക ജീവിയാണെന്ന പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തന്റെ ലൈംഗികാസക്തിയുടെ മേൽ കൃത്രിമമായി വെച്ചുകെട്ടിയ പലതിന്റെയും കൂടെയുള്ള പുതിയ ഒന്ന്' എം.പി പോൾ പ്രണയത്തിന് നൽകിയ ഈ നിർവചനം അക്ഷരാർഥത്തിൽ ശതഗുണീഭവിച്ച് പുലരുന്നതാണ് പ്രണയവുമായി ബന്ധപ്പെട്ട വർത്തമാനകാല അനുഭവങ്ങളെന്നും ഇതോട് ചേർത്തുവായിക്കണം. വിദ്യാർഥികളുടെ പരീക്ഷാ തോൽവി മുതൽ കുടുംബങ്ങളുടെ കൂട്ട ആത്മഹത്യ വരെയുള്ള നിരവധി പ്രശ്നങ്ങളുടെ ഉള്ളറകളിലേക്കിറങ്ങിയാൽ പ്രണയത്തിന്റെ പങ്ക് ബോധ്യപ്പെടും. നാട്ടിൽ നടക്കുന്ന സകല പെൺവാണിഭ-സ്ത്രീപീഡന റാക്കറ്റുകളുടെയും കണ്ണികൾ ആരംഭിക്കുന്നത് ഏതെങ്കിലും ഒരു നിഷ്കളങ്ക പ്രണയത്തിൽ നിന്നാണെന്നത് നന്നേ ചുരുങ്ങിയത് പോസ്റ്റ് സൂര്യനെല്ലി യുഗത്തിലെ ലോവർ പ്രൈമറി തല പൊതുവിജ്ഞാനമാണ്. ഇവ്വിധം പ്രണയക്കെടുതികൾ എമ്പാടും അനുഭവിക്കുന്ന ഒരു സമൂഹത്തിൽ പ്രണയത്തെ തള്ളിപ്പറയാതെ വ്യാജ ലൗ ജിഹാദ് ആരോപണങ്ങളെ നേരിടുന്നത് മൂല്യാധിഷ്ഠിത ഭൂമികക്ക് ചേർന്നതായില്ല. ഇസ്‌ലാം പ്രോത്സാഹിപ്പിക്കാത്ത പ്രണയത്തിന്റെ പേര് പറഞ്ഞ് വ്യാജാരോപണങ്ങളുന്നയിച്ച് സ്വന്തത്തിലും അന്യത്തിലുമുള്ള തിന്മകൾക്കെതിരെയുള്ള പരിശ്രമങ്ങളെ കുറിക്കാൻ വ്യവഹരിക്കപ്പെട്ട 'ജിഹാദി'നെ തെറ്റിദ്ധരിപ്പിക്കുന്നത് നിർത്തണമെന്ന ജമാഅത്തെ ഇസ്‌ലാമി അമീർ ടി. ആരിഫലിയുടെ പ്രസ്താവന (*മാധ്യമം* നവംബർ 14) തന്നെയാണ് ശരിയായ ദിശയിലുള്ളത്.

**ഇബ്നു ഹാശിം മാഹി**

# ഈ പാപങ്ങൾ എങ്ങനെ കഴുകിക്കളയും

**'ലൗ ജിഹാദ്'** നുണബോംബിന്റെ സഹതാപാർഹമായ ചീറ്റിപ്പോവലിൽ *പ്രബോധന*ത്തിന്റെ ഇടപെടലും സ്വാധീനവും പ്രസ്താവ്യമാണ്. തൽപരകക്ഷികളുടെ കറുത്ത മനസ്സ് അനാവരണം ചെയ്യാനും സമൂഹ മനസ്സാക്ഷിക്ക് മുമ്പിൽ തൊലിയുരിഞ്ഞ് കാണിക്കാനും പ്രസ്ഥാന ജിഹ്വക്ക് സാധിച്ചിട്ടുണ്ട്. ലൗ ജിഹാദ് കത്തിനിൽക്കുന്ന സമയത്ത് *മാധ്യമം* പത്രത്തിൽ വന്ന ഒരു പെട്ടിക്കോളം വാർത്ത വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയെന്ന് തോന്നുന്നു. മംഗലാപുരത്ത് സ്കൂൾ കായികമേളയിൽ പങ്കെടുക്കാനെത്തിയ നാലു മുസ്‌ലിം വിദ്യാർഥികളെ ശ്രീരാമ സേനാ പ്രവർത്തകർ ആക്രമിക്കുകയും കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. ഹിന്ദു വിദ്യാർഥികളോടൊപ്പം മത്സരങ്ങളിൽ പങ്കെടുക്കുന്നതിന്റെ ഈർഷ്യയാണത്രെ കാരണം. *മനോരമ*യും *മാതൃഭൂമി*യും സംഭവം കാണാതിരുന്നത് സ്വാഭാവികം.

ഹിന്ദിയിൽ സത്യപ്രതിജ്ഞ ചെയ്ത എം.എൽ.എക്ക് പോലും രക്ഷയില്ലാത്ത നാട്ടിൽ സ്കൂൾ കായികമേളകളെയടക്കം വർഗീയ മനസ്സോടെ സമീപിക്കുന്ന ആൾക്കൂട്ടങ്ങളെ കാണുമ്പോൾ അറിയാതെ ചോദിച്ചുപോവുന്നു. ഇവർ മനുഷ്യർ തന്നെയോ? അതിലപ്പുറം ഭയാനകമാണ് സാംസ്കാരിക കേരളത്തിന്റെയും മാധ്യമങ്ങളുടെയും മൗനം. സംഭവത്തെ അരവരിയിലെങ്കിലും അപലപിക്കാൻ ആരും തയാറായില്ല. നേരെ തിരിച്ചായിരുന്നു സംഭവമെങ്കിൽ *മനോരമ*യും സംഘ്പരിവാറും കൂടി ഡിക്ഷണറികളിലേക്ക് പുതിയ 'സാങ്കേതിക പദങ്ങൾ' സംഭാവന ചെയ്യുമായിരുന്നു. ലൗ ജിഹാദ് പ്രവർത്തനത്തിന് തെളിവില്ലെന്ന് ഹൈക്കോടതിയിൽ കേന്ദ്രം റിപ്പോർട്ട് നൽകിയ വാർത്തക്ക് *മനോരമ* നൽകിയ തലക്കെട്ട് വായിച്ചാൽ അച്ചായന്റെ തൊലിക്കട്ടിയിൽ അസൂയ തോന്നാതിരിക്കില്ല. 'പ്രണയക്കുരുക്ക് മതംമാറ്റം; സംഘടിത നീക്കത്തിന് തെളിവില്ലെന്ന് കേന്ദ്രം'. ലൗ ജിഹാദ് എന്ന ഏർപ്പാട് ഇല്ല എന്ന് നേർക്കുനേരെ പറയാൻ *മനോരമ*ക്ക് മനസ്സില്ല. കർത്താവേ ഈ പാപങ്ങൾ ഇവർ എവിടെ കൊണ്ടുപോയി കഴുകിക്കളയും?

**ഒ. അശ്റഫ് പിണങ്ങോട്**

അറുപതാം വാർഷികപ്പതിപ്പ്

# മിശ്ര സംസ്കാരത്തിന്റെ വസന്തകാലം

**പി. വത്സല**



**ഇക്കാലത്ത്** വിശേഷാൽപ്രതികൾ അവക്ക് ലഭിക്കുന്ന പരസ്യങ്ങൾക്ക് വേണ്ടിയാണ് ഇറക്കുന്നത്. അവയുടെ മുഖ്യ വിഷയം പരസ്യങ്ങളായിരിക്കും. പരസ്യങ്ങൾക്കിടയിൽ കഥ, കവിത, ലേഖനം തുടങ്ങിയ സാഹിത്യ സൃഷ്ടികൾ തിരുകി വെക്കുന്നു. അവക്ക് രണ്ടാം സ്ഥാനം മാത്രമാണ് വിശേഷാൽപ്പതിപ്പുകളിൽ ലഭിക്കാറുള്ളത്. എത്രത്തോളം പരസ്യം കിട്ടുമോ അത്രത്തോളം മികച്ചതാണ് അവരെ സംബന്ധിച്ച് വിശേഷാൽ പതിപ്പുകൾ.

*പ്രബോധന*ത്തിന്റെ അറുപതാം വാർഷികപ്പതിപ്പ് അതിന്റെ ചട്ടയിൽ പറയും




പോലെ തന്നെ ഒരു നാഴികക്കല്ലാണ്. അഭിമുഖങ്ങൾ, മീഡിയ, സാഹിത്യം, സംവാദം, ഇസ്‌ലാം അനുഭവം, പത്ര പ്രവർത്തനം, വായന, കവിത എന്നിവക്കെല്ലാം വേണ്ടത്ര പ്രാതിനിധ്യം നൽകിയിരിക്കുന്നു. മാത്രമല്ല നമ്മുടേത് പോലെ വൈവിധ്യം നിറഞ്ഞ ഒരു സംസ്കാരത്തിന് വേണ്ട വിഭവങ്ങളും വാർഷികപ്പതിപ്പിലുണ്ട്.

ഞാൻ ജെ.ഡി.ടി ഇസ്‌ലാം യു.പി സ്കൂളിൽ പഠിക്കുന്ന കാലത്താണ് ഞങ്ങളുടെ സ്കൂൾ ഗെയ്റ്റിന് നേരെ മുമ്പിൽനിന്ന് അൽപം മാറി ഒരു പ്രസിദ്ധീകരണാലയം തുറന്നു കിടക്കുന്നത് കണ്ടത്. വാസ്തവത്തിൽ അതൊരു വിസ്മയമായിരുന്നു. നേർക്കുനേരെ കാണുന്ന ആദ്യത്തെ പ്രസാധനാലയവും അതുതന്നെയാണ്. അവിടെ നിന്ന് അച്ചടിച്ചിറങ്ങുന്ന, പ്രത്യേക പുറംചട്ടയില്ലാത്ത അതിന്റെ പേജുകൾ വെവ്വേറെ എടുത്ത് ഞങ്ങൾ ക്ലാസ്സിൽ വായിക്കുമായിരുന്നു. ഇത്രകാലം അത് നിലനിന്നു എന്നതും ഇന്നത്തെ അവസ്ഥയിലേക്ക് അത് വളർന്നു വികസിച്ചു എന്നതും സന്തോഷകരമായ ഒരു അനുഭവമാണ്. ജൈവികമായ ഒരു വളർച്ചയാണ് *പ്രബോധന*ത്തിൽ കാണാൻ കഴിയുന്നത്. കാരണം കുട്ടിക്കാലത്തുതന്നെ *പ്രബോധനം* എന്റെ കൂടെ ഉണ്ടായിരുന്നു എന്നൊരു തോന്നൽ. *പ്രബോധന*ത്തിൽ ഞാൻ അധികമൊന്നും എഴുതിയിട്ടില്ല. എങ്കിലും, എപ്പോഴോ ചിലത് എഴുതിയിട്ടുണ്ടെന്ന് വിചാരിക്കുന്നു.

അറുപതാം വാർഷികപ്പതിപ്പിലെ ഉള്ളടക്കം സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ഉൾക്കൊള്ളാൻ മാത്രം വിശാലമായ ചക്രവാളത്തിലേക്ക് വളർന്നിരിക്കുന്നു. സിനിമ മുതൽ സാഹിത്യത്തിന്റെ എല്ലാ വിഭാഗങ്ങളിലും പെടുന്ന ആളുകൾ വരെ ഇതിൽ എഴുതിയിരിക്കുന്നു. കാലത്തിനനുസരിച്ച് പുതിയ ടെക്നോളജി ഉപയോഗിക്കുന്നതിലും വിജയിച്ചിരിക്കുന്നു. വായനാ കൗതുകമുള്ള ഏതൊരാൾക്കും പറ്റിയ വിഭവങ്ങൾ ഇതിലുണ്ട്. കലകളിൽനിന്ന് ആരംഭിച്ച് ദർശനപരവും മാനസികവുമായ ഔന്നത്യത്തിന് ഉതകുന്നതുമായ വിഭവങ്ങൾ അറുപതാം വാർഷികപ്പതിപ്പിലുണ്ട്. നമ്മുടെ മിശ്ര സംസ്കാരത്തിന്റെ വസന്തകാലമാണ് ഇതിലുള്ളത്.

ഉദ്ദേശ്യ ശുദ്ധിയാണ് ഏതൊരു പ്രവർത്തനത്തെയും സഫലമാക്കുന്നത് എന്ന് ഈ അറുപതാം വാർഷികപ്പതിപ്പ് തെളിയിക്കുന്നു. എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

# പ്രണയത്തെ സ്പോൺസർ ചെയ്യരുത്

***പ്രബോധനം*** വാരിക ഗൗരവമായി വായിക്കപ്പെടുന്ന ഒന്നാണ്. സുപ്രധാനമായ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഒരു ചെറിയ സംഘത്തിന്റെ വലിയ മുഖപത്രമാണത്. സുപ്രധാനമായതും വിശുദ്ധ ഖുർആൻ സംശയത്തിനിടയില്ലാത്ത വിധം വെട്ടിത്തുറന്ന് പറഞ്ഞതുമായ വിവാഹം പോലുള്ള വിഷയങ്ങളിൽ മുൻ പിൻ നോക്കാതെ ആരെങ്കിലും എന്തെങ്കിലും എഴുതിത്തന്നാൽ അച്ചടിച്ചുവിടുന്ന ഒരു പൈങ്കിളി വാരികയായി അത് അധഃപതിക്കാൻ പാടില്ല. ഇത്രയും എഴുതിയത് ടി. മുഹമ്മദ് വേളം എഴുതിയ ലൗജിഹാദുമായി ബന്ധപ്പെട്ട ലേഖനത്തെ മുന്നിൽ വെച്ചുകൊണ്ടാണ്; ഖാലിദ് മൂസാ നദ്‌വിയുടെയും തഥാ. പ്രസ്തുത ലേഖനത്തിലെ ചില കാഴ്ചപ്പാടുകൾ ഖുർആന്ന് വിരുദ്ധമാണ്. ഏത് ജാതിക്കാരനുമായി/ ജാതിക്കാരിയുമായി പ്രേമിച്ച് കല്യാണം കഴിച്ച് മുസ്‌ലിമായി ജീവിക്കാൻ പറ്റും എന്നത് ഏത് ഖുർആനിൽനിന്നാണ് അദ്ദേഹം വായിച്ചത്? ഭിന്ന കാഴ്ചപ്പാടുകളുള്ള യഥാർഥ ദൈവവിശ്വാസികൾ തമ്മിലുള്ള വിവാഹത്തിന് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. അതിനെ

നീട്ടിവലിച്ച് എന്തും ചെയ്യാനുള്ള ലൈസൻസാക്കി മാറ്റരുത്. മാത്രമല്ല മേൽപറഞ്ഞ തരത്തിലുള്ള വിശ്വാസികളെ മഷിയിട്ട് തിരഞ്ഞാൽ കാണാൻ പറ്റില്ല; വർത്തമാന കാല സാഹചര്യത്തിൽ പ്രത്യേകിച്ചും. പരസ്പരം അറിവോ പരിചയമോ ഇല്ലാത്ത നിലവിലെ അവസ്ഥയിൽ ഇത്തരം നിലപാടുകൾ സംഭാവന ചെയ്യുക ഫിത്നയായി രിക്കും.

ഇന്ന് നടക്കുന്ന 'മുൻകൂർ പ്രണയത്തെ' ഇസ്‌ലാം ഒരുതരത്തിലും അംഗീകരി ക്കുന്നില്ല. അതുകൊണ്ട് തന്നെ ലൗ ജിഹാദ് വിഷയത്തിൽ ഇസ്‌ലാമിസ്റ്റുകൾ അത്ര താൽപര്യമെടുക്കേണ്ട കാര്യമില്ല.

ആളുകളുടെ എണ്ണം കൂട്ടുന്ന പരിപാടി ഇസ്‌ലാമിലില്ല; മുസ്‌ലിംകളെ അതിന് ചുമതലപ്പെടുത്തിയിട്ടുമില്ല. ഭൂമിയിലെ വ്യവസ്ഥാമാറ്റമാണ് വിശ്വാസികളുടെ ദൗത്യം. ഈ വ്യവസ്ഥാമാറ്റത്തിന്റെ പ്രവർത്തനത്തിന് മുന്നിൽ യഥാർഥ തടസ്സം ജാതീയ തയാണ്. ആയിരം അമുസ്‌ലിംകൾ ദിവസവും മുസ്‌ലിംകളാവുകയും അത് ആയിരം വർഷം തുടരുകയും ചെയ്താൽ പോലും ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ വ്യവ സ്ഥാമാറ്റം സാധ്യമല്ല. ജാതി മാറ്റി ഭൂരിപക്ഷമുണ്ടാക്കി വ്യവസ്ഥാമാറ്റം പ്രായോഗിക മല്ല. ചരിത്രം അതിനു സാക്ഷിയാണ്. എന്നുവെച്ച് വ്യവസ്ഥാമാറ്റം സംഭവിക്കുക യില്ല എന്നല്ല. തീർച്ചയായും സംഭവിക്കും. അത് വിശ്വാസികളുടെ നാടായ കേരള ത്തിൽ ദൈവത്തെ തള്ളിപ്പറയുന്ന കമ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്ന ടെക്നി ക്കിലൂടെയാണ്. അതേ ടെക്നിക് തന്നെയാണ് ഇസ്‌ലാമിസ്റ്റുകൾക്ക് മുമ്പിലുള്ളതും. അതുകൊണ്ട് ജാതി മാറിക്കല്യാണം പ്രോത്സാഹിപ്പിക്കേണ്ട ഒന്നല്ല. ചിലർ ദുരുദ്ദേ ശ്യപൂർവം മുന്നിലേക്കിട്ട് തരുന്ന ചൂണ്ടകളെ അവഗണിച്ച് മുന്നേറാൻ പ്രസ്ഥാന ത്തിനും പ്രവർത്തകർക്കും സാധിക്കണം. അല്ലെങ്കിൽ ഇതര മുസ്‌ലിം സംഘങ്ങളും ജമാഅത്തെ ഇസ്‌ലാമിയും തമ്മിൽ എന്തു വ്യത്യാസം?

**കെ.സി മൂസാൻ മഞ്ചേരി**

# സമയത്തിന്റെ വിലയറിയുമോ?

**കെ.സി സലീമിന്റെ** ലേഖനത്തിൽ (നമ്പംബർ 14) സമയത്തിന്റെ വിലയെ പറ്റി സൂചി പ്പിച്ചത് കണ്ടു. ഒട്ടും സമയനിഷ്ഠ പാലിക്കാത്തവരാണ് നാം. ജുമുഅ ദിവസം നേരത്തേ പള്ളിയിലെത്തുന്നതനുസരിച്ച് പ്രതിഫലം കൂടിക്കൊണ്ടിരിക്കുമെന്ന് നന്നായി അറിയാവുന്നവർ തന്നെ ബാങ്ക് കൊടുക്കുന്നതുവരെ പള്ളിയുടെ തൊട്ട ടുത്ത് കവലയിലോ പരിസരത്തോ യാതൊരു കാരണവുമില്ലാതെ നിന്ന് തിരിഞ്ഞ് സമയം നഷ്ടപ്പെടുത്തുന്നു. കല്യാണത്തിന് നേരത്തെ വരണമെന്ന് ആവശ്യപ്പെട്ടാലും വൈകി മാത്രം പോകുന്നു. അതുമൂലം കല്യാണ വീട്ടുകാരും ബന്ധുക്കളും പ്രയാസപ്പെടുന്നു.

ഇന്ന് ആർക്കും ഒന്നിനും സമയമില്ല. അല്ലാഹു നൽകിയ അനുഗ്രഹങ്ങളായ ആരോഗ്യം, സമ്പത്ത് എന്നിവ പോലെ ഒന്നാണ് സമയവും. അത് അല്ലാഹുവിന് ഇഷ്ടപ്പെട്ട രീതിയിൽ ചെലവഴിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്. "ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടിക്കൊടുക്കുകയില്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സൂക്ഷ്മമായി അറിയുന്നവനാകുന്നു" (*അൽമുനാഫിഖൂൻ* 11).

ഭൗതിക വിഭവങ്ങൾ വെട്ടിപ്പിടിക്കുന്നതിനിടയിൽ സമയം അഥവാ ആയുസ്സ് കുറ ഞ്ഞുകൊണ്ടിരിക്കുന്നത് മനുഷ്യൻ അറിയുന്നില്ല. വയസ്സ് കൂടുന്തോറും നമുക്ക് അനു വദിച്ച സമയം അവസാനിച്ചുകൊണ്ടിരിക്കുകയാണ്. പലരും വളരെ അശ്രദ്ധയോടെ യാണ് സമയത്തെ കാണുന്നത്. പഠിക്കേണ്ട സമയത്ത് പഠിക്കാതെയും ജോലി ചെയ്യേണ്ടപ്പോൾ ചെയ്യാതെയും ഇരിക്കുന്നവർ പിന്നീട് ദുഃഖിക്കുന്നത് കാണാം. അല്ലാഹു നമുക്കനുവദിച്ച സമയം എപ്പോഴാണ് അവസാനിക്കുകയെന്ന് ഒരാൾക്കും

പറയാൻ സാധ്യമല്ലെന്നിരിക്കെ ലഭ്യമാകുമെന്ന് യാതൊരു ഉറപ്പുമില്ലാത്ത മറ്റൊരു സമയത്തേക്ക് നീട്ടിവെക്കുന്നത് ഒട്ടും ശരിയല്ല. "നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്; ഭദ്രമായി കെട്ടിയുയർത്തപ്പെട്ട കോട്ടക്കുള്ളിൽ ആയിരുന്നാൽ പോലും" (4:78).

മനുഷ്യായുസ്സിലെ ഏറ്റവും പ്രയോജനപ്രദമായ 'സമയ'മാണ് യുവത്വം. നല്ല ആരോഗ്യവും ധാരാളം ഒഴിവ് വേളകളും ലഭിക്കുന്ന ആ സമയം നല്ലതിന് വിനിയോഗിക്കാതെ പാഴാക്കിക്കളയുന്നവരുണ്ട്. "അധികമാളുകളും അവഗണിക്കുന്ന രണ്ട് അമൂല്യ അനുഗ്രഹങ്ങളുണ്ട്; ആരോഗ്യവും ഒഴിവു വേളയും" (ബുഖാരി).

അഞ്ച് അവസ്ഥകൾക്ക് മുമ്പ് അഞ്ച് സന്ദർഭങ്ങൾ പൂർണമായി ഉപയോഗിക്കാൻ മുഹമ്മദ് നബി(സ) പഠിപ്പിക്കുന്നു. അതിൽ ഒന്ന് വാർധക്യത്തിന് മുമ്പുള്ള യുവത്വമാണ്. യുവത്വം എന്തിനു വേണ്ടി ചെലവഴിച്ചുവെന്ന് നാളെ ചോദിക്കുന്നതാണ്.

'നീ വൈകുന്നേരമായാൽ പ്രഭാതത്തെയോ, പ്രഭാതമായാൽ വൈകുന്നേരത്തെയോ പ്രതീക്ഷിക്കരുത്' എന്ന് ഇബ്നു ഉമർ(റ) പറയുകയുണ്ടായി.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ദിവസങ്ങളും മണിക്കൂറുകളും സർവശക്തൻ ന മുക്ക് അനുവദിച്ച നിർണിത ജീവിതത്തിൽ നിന്ന് കൊഴിഞ്ഞുകൊണ്ടിരിക്കുന്ന ഇതളുകളാണ്. ഓരോ മണിക്കൂറും ദിവസവും കഴിയുന്തോറും നാമറിയാതെ മരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണെന്ന സത്യം നാം തിരിച്ചറിയണം. നമ്മുടെ എത്ര പേരുടെ കഫൻ പുടവകൾ നെയ്തിട്ടുണ്ടെന്നും തൊട്ടടുത്ത കടയിൽ എത്തിയിട്ടുണ്ടെന്നും നാമാരും അറിയുന്നില്ല. കാലം വരുത്തുന്ന ചുളിവുകൾ മുഖത്തു നിന്ന് മായ്ക്കാൻ ആവാത്തതുപോലെ ഒരിക്കലും തിരിച്ചു കിട്ടാത്ത, ആരെയും കാത്തിരിക്കാത്ത, അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹമായ സമയത്തെ വെറും വിനോദത്തിനും നിഷ്ഫലമായ പ്രവർത്തനത്തിനും വേണ്ടി മാത്രം വിനിയോഗിക്കാതെ ഇരുലോകത്തും ഗുണപ്രദമായ സൽക്കർമങ്ങൾ ചെയ്യാൻ വിനിയോഗിക്കുക.

ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടമേതെന്ന് ചോദിച്ചാൽ സമയനഷ്ടമാണ്. അധികാരം നഷ്ടപ്പെട്ടവർക്ക് അടുത്ത തെരഞ്ഞെടുപ്പിൽ തിരിച്ചുകിട്ടിയേക്കും. പാവപ്പെട്ടവന് കഠിനശ്രമത്തിലൂടെ പണക്കാരനാകാനും, രോഗിക്ക് ചികിത്സയിലൂടെ ആരോഗ്യവനാകാനും കഴിയും. പരീക്ഷയിൽ പരാജയപ്പെട്ടവൻ അടുത്ത പ്രാവശ്യം വിജയിക്കാം. അങ്ങനെ നഷ്ടപ്പെട്ടത് എന്തും കഠിന യത്നത്തിലൂടെ തിരിച്ചുപിടിക്കാൻ കഴിയും. എന്നാൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്തെ ഒരിക്കലും തിരിച്ചെടുക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഓരോ നിമിഷവും വിലപ്പെട്ടതാണ്. അത് അലസമായി തള്ളി നീക്കാനുള്ളതല്ല. നിശ്ചിതസമയത്ത് ചെയ്യേണ്ട കാര്യങ്ങൾ ഒരിക്കലും നീട്ടിവെക്കരുത്. അങ്ങനെ നീട്ടിവെക്കുന്ന കാര്യങ്ങൾ പിന്നീട് നിർവഹിക്കാൻ കഴിഞ്ഞെന്നുവരില്ല. സമയത്തെ യഥാവിധി ഉപയോഗപ്പെടുത്തിയാൽ സമയമില്ലാത്ത ലോകത്ത് സായൂജ്യമടയാം.

**ജമാലുദ്ദീൻ പാലേരി**

# മഴുത്താഴകളുടെ ഗതി

***പ്രബോധനം*** കൈയിൽ കിട്ടാൻ കാത്തിരിക്കുന്ന വായനക്കാർ തിരിച്ചെത്തിയിരിക്കുന്നുവെന്ന് പറയാൻ തോന്നുന്നു. അഭിനന്ദനങ്ങൾ! ലക്കം 25-ൽ എം.എൻ കാരശ്ശേരി *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനത്തോടുള്ള ഹമീദ് വാണിമേലിന്റെ പ്രതികരണം ഏറെ പ്രയോജനകരം തന്നെ. മലയാള സാഹിത്യലോകത്ത് കുത്തക നില നിർത്തിപ്പോരുന്ന സവർണ ഫാഷിസ്റ്റ് ലോബികളുടെയും സെക്യുലർ മുഖാവരണമണിഞ്ഞ ഫാഷിസ്റ്റ് സഹയാത്രികരുടെയും പ്രീതി സമ്പാദിക്കാനുള്ള ശ്രമത്തിലാണ് എം.എൻ കാരശ്ശേരി. ഐ.പി.എച്ച് പ്രസിദ്ധീകരിച്ച ഒന്നു രണ്ട് കൃതികളുമായി സഹകരിച്ചതിൽ പശ്ചാത്താപിച്ച്, അതുവഴി അവാർഡുകൾ തന്നെ തേടിയെത്തിയെങ്കിലോ

എന്നു കരുതി ഇസ്‌ലാമിനെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും ശകാരിച്ചുവരിക യാണദ്ദേഹം. കാൽ നൂറ്റാണ്ടായി തുടരുന്ന പ്രസ്തുത ജോലി ഇതുവരെ ഫലം കണ്ടി ട്ടില്ല. കലിപൂണ്ടവരുടെ മുഖത്ത് പ്രസന്നത വരുത്താൻ ഇവക്കൊന്നുമായിട്ടില്ല! ആവശ്യം കഴിഞ്ഞപ്പോൾ വലിച്ചെറിയപ്പെട്ട എത്രയെത്ര മഴുത്താഴകൾ ആറ്റിലൊഴു കിപ്പോയി!

ഹമീദ് വാണിമേലിന്റെ പ്രതികരണത്തിൽ എസ്.ഐ.ഒവിന്റെ പിറവി 1985 ഒക്ടോ ബർ 19–നാണെന്ന് കാണുന്നു. എന്നാൽ അതേ ലക്കം എസ്.ഐ.ഒവിന്റെ മുൻ സംസ്ഥാന പ്രസിഡന്റ് സി. ദാവൂദിന്റെ 'എസ്.എഫ്.ഐ കാലത്തെ കാമ്പസ്' എന്ന ലേഖനത്തിൽ എസ്.ഐ.ഒ രൂപീകരിക്കപ്പെട്ടത് 1983–ലാണെന്ന് പറയുന്നു. ചരിത്ര വിദ്യാർഥികൾക്ക് കൊല്ലങ്ങളും തീയതികളും അച്ചടിപ്പിശകായി മനസ്സിലാക്കാൻ പ്രയാ സമാണ്. ശരി ഏതാണെന്ന് അറിയിക്കുന്നത് നന്നായിരിക്കും.

എൻ.എ.കെ ശിവപുരത്തിന്റെ 'ഓർമച്ചെപ്പ്' ആവേശത്തോടെയാണ് വായിച്ചത്. കഷ്ടപ്പെട്ടുണ്ടാക്കിയ മദ്റസ വളർന്ന് ശിവപുരം ഇസ്‌ലാമിയാ കോളേജായിത്തീർന്ന തിൽ സന്തോഷമുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ അവസ്ഥയും അറി യാൻ കൗതുകമുണ്ട്.

**എൻ. ഖാലിദ് ചെറിയകുമ്പളം**
**പാലേരി**